©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂലൈ 24<br>24th July 2018<br>1193 കർക്കടകം 8<br>8th Karkadakam 1193<br>1940 ശ്രാവണം 2<br>2nd Sravana 1940 | നമ്പർ<br>No. | 30 |

# PART III
# Co-operative Department

### കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : ശ്രീ. എം. ബിനോയ് കുമാർ)

(1)

നമ്പർ എ. ഇ. എൽ./7477/2002. 2018 ഏപ്രിൽ 30.

വിഷയം:—സമാപ്തീകരണം—70-ാം നമ്പർ വേളൂർ സർവ്വീസ് സഹകരണ സംഘം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാറുടെ 21-1-1978-ലെ ഡി./6964/77 നമ്പർ ഉത്തരവ്.

(2) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 2-2-2017-ലെ എ. ഇ. എൽ./18631/2012 നമ്പർ ഉത്തരവ്.

(3) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 6-4-2018-ലെ കെ. റ്റി. എം. (എൻ) 953/2011 നമ്പർ ഉത്തരവ്.

(4) സംഘം ലിക്വിഡേറ്ററുടെ 6-4-2018-ലെ 1-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ പ്രവർത്തിച്ചിരുന്ന 70-ാം നമ്പർ വേളൂർ സർവ്വീസ് സഹകരണസംഘം പ്രവർത്തനങ്ങൾ നിലച്ചതിനെ തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാണ്. ടി സംഘത്തിന്റെ ലിക്വിഡേറ്ററായി കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കോട്ടയം നോർത്ത് യൂണിറ്റ് ഇൻസ്പെക്ടറെ നിയമിക്കുകയും ടിയാൻ ക്രമപ്രകാരം സമാപ്തീകരണ നടപടികൾ നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ സമാപ്തീകരണ നടപടികൾ എല്ലാം പൂർത്തിയായതിനാൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (3) പ്രകാരം അപേക്ഷ ഈ ആഫീസിൽ സമർപ്പിച്ചിരിക്കുന്നു. ടി സംഘത്തിന്റെ ലിക്വിഡേഷൻ സംബന്ധിച്ച് നാളിതുവരെയുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്.

കോട്ടയം താലൂക്കിലെ വേളൂർ കരയിൽ വേളൂർ പരസ്പര സഹായസംഘം എന്ന പേരിൽ ടി സംഘം 28-7-1094 M. E.-ൽ രജിസ്റ്റർ ചെയ്ത് 3-8-1094 എം. ഇ.-ൽ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും സൂചന (1) ഉത്തരവ് പ്രകാരം സമാപ്തീകരണത്തിൽ ആവുകയും ചെയ്തു. ക്രമപ്രകാരം ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിച്ചെങ്കിലും, നാളിതുവരെ യാതൊരുവിധ ക്ലെയിമുകളും ലഭ്യമായിട്ടില്ലാത്തതായി ലിക്വിഡേറ്റർ അറിയിച്ചിട്ടുണ്ട്. സംഘത്തിന്റെ റിക്കാർഡുകളും രജിസ്റ്ററുകളും പൂർണ്ണമായി വീണ്ടെടുക്കാൻ ലിക്വിഡേറ്റർക്ക് സാധിച്ചിട്ടില്ലാത്തതാണ്. സംഘത്തിന്റെ അവസാനം നടന്ന ആഡിറ്റ് 1974-ന് മുൻപായതിനാൽ 43 വർഷം മുൻപുള്ള ടി ആഡിറ്റ് സർട്ടിഫിക്കറ്റ് ലിക്വിഡേറ്റർക്ക് കണ്ടെടുക്കാൻ സാധിച്ചിട്ടില്ലാത്തതാണ് സംഘത്തിന്റെ ലഭ്യമായ രേഖകളും റിക്കാർഡുകളും പരിശോധിച്ചതിൽ നിന്നും സംഘത്തിന് ഗവ. കുടിശ്ശിക ഉള്ളതായി കണ്ടെത്താൻ സാധിച്ചിട്ടില്ല. ടി സംഘത്തിന്റെ പേരിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി വില്ലേജ് ആഫീസിലും, സബ് രജിസ്ട്രാർ ആഫീസിലും അപേക്ഷകൾ നൽകുകയും ടി വസ്തുവിൽ സംഘത്തിന് യാതൊരുവിധ അവകാശവുമില്ലായെന്ന് വില്ലേജ് ആഫീസിലെ രേഖകൾ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നതായി കോട്ടയം വില്ലേജ് ആഫീസറും സംഘത്തിന്റെ പേരിൽ അവകാശം നിലനിൽക്കുന്നില്ലായെന്ന് കോട്ടയം സബ് രജിസ്ട്രാറും രേഖമൂലം അറിയിച്ചിട്ടുള്ളതായി ലിക്വിഡേറ്റർ അറിയിച്ചിട്ടുണ്ട്. സംഘത്തിന്റെ ലിക്വിഡേറ്ററുടെ കാലാവധി 1-5-2018 വരെ ദീർഘിപ്പിച്ച് സൂചന (2) പ്രകാരം ബഹു. സകരണസംഘം രജിസ്ട്രാറിൽ നിന്ന് ഉത്തരവ് ലഭിച്ചിട്ടുള്ളതാണ്. ലിക്വിഡേറ്ററുടെ വരവ്-ചെലവ് കണക്കുകളും ബന്ധപ്പെട്ട രേഖകളും എ.ഇ.എൽ. ആഡിറ്റിന് വിധേയമാക്കിയിട്ടുള്ളതാണ്. തുടർന്ന് ലിക്വിഡേറ്റർ സംഘത്തിന്റെ അന്തിമ പൊതുയോഗം വിളിച്ചുചേർക്കുകയും, രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽസാഹചര്യത്തിൽ ലിക്വിഡേഷൻ സംബന്ധിച്ച് നടപടികൾ പൂർത്തിയായതായി എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ വേളൂർ സർവ്വീസ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

70-ാം നമ്പർ വേളൂർ സർവ്വീസ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും, ടി സംഘത്തിന്റെ പേര്, സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

(2)

നമ്പർ എ.ഇ.എൽ./7492/2006. 2018 മേയ് 22.

വിഷയം:—സമാപ്തീകരണം—കെ. 462 ഈരാറ്റുപേട്ട കൺസ്യൂമർ സഹകരണസംഘം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 26-9-1994-ലെ സി.എസ്./2950/93 നമ്പർ ഉത്തരവ്.

(2) ബഹു. സഹകരണസംഘം രജിസ്ട്രാറുടെ 9-3-2018-ലെ എ.ഇ.എൽ./16923/2014 നമ്പർ ഉത്തരവ്.

(3) മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 12-3-2018-ലെ ഇ/474/2018 നമ്പർ കത്ത്.

(4) സംഘം ലിക്വിഡേറ്ററുടെ 10-1-2018-ലെ 4-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പ്രവർത്തിച്ചിരുന്ന കെ. 462 ഈരാറ്റുപേട്ട കൺസ്യൂമർ സഹകരണ സംഘം പ്രവർത്തനങ്ങൾ നിലച്ചതിനെ തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാണ്. ടി സംഘത്തിൽ 21-2-1995-ൽ മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഈരാറ്റുപേട്ട യൂണിറ്റ് ഇൻസ്പെക്ടർ ലിക്വിഡേറ്ററായി ചാർജ് എടുത്ത് ലിക്വിഡേഷൻ നടപടികൾ നടത്തിവന്നിരുന്നതാണ്. ഇപ്പോൾ സമാപ്തീകരണ നടപടികൾ എല്ലാം പൂർത്തിയായതിനെ തുടർന്ന്, സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (5) പ്രകാരം അപേക്ഷ ഈ ആഫീസിൽ സമർപ്പിക്കുന്നു. ടി സംഘത്തിന്റെ ലിക്വിഡേഷൻ സംബന്ധിച്ച് നാളിതുവരെയുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്.

മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഈരാറ്റുപേട്ട യൂണിറ്റ് ഇൻസ്പെക്ടർ 21-2-1995-ൽ ലിക്വിഡേറ്ററായി ചാർജ് എടുക്കുകയും ക്രമപ്രകാരം ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. നിയമാനുസൃത കാലയളവിൽ യാതൊരുവിധ ക്ലെയിമുകളും ലഭിച്ചിട്ടില്ലാത്തതായി ലിക്വിഡേറ്റർ അറിയിച്ചിട്ടുണ്ട്. തുടർന്ന് ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുകയും ഈടാക്കിയെടുക്കാൻ സാധിക്കുന്ന പരമാവധി ആസ്തികൾ ഈടാക്കിയെടുക്കുകയും കൊടുത്തു തീർക്കാൻ സാധിക്കുന്ന ബാദ്ധ്യതകൾ കൊടുത്തുതീർക്കുകയും ചെയ്തു. ആയതിന്റെ ഭാഗമായി സംഘത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന ജംഗമവസ്തുക്കൾ പൊതുലേലം വഴി വിറ്റഴിച്ചു. ആയതിൽ നിന്നും ലഭിച്ച തുകയും താലൂക്കിൽ തന്നെ ലിക്വിഡേഷനിലുണ്ടായിരുന്ന മറ്റൊരു സംഘത്തിന്റെ മിച്ച ഫണ്ടും ഉപയോഗിച്ച് സർക്കാർ ഓഹരി `31,000 പൂർണ്ണമായും തിരിച്ചടച്ചുതീർത്തു. തുടർന്ന് ആഡിറ്റ് ഫീസ് `3,514, സർക്കാർ വായ്പ `7,000, സർക്കാർ വായ്പയുടെ പലിശ `1,043, പിഴപലിശ `12,796, റവന്യൂ റിക്കവറി കളക്ഷൻ ചാർജ് `1,752, നോട്ടീസ് ചെലവ് `150, ലിക്വിഡേഷൻ ചാർജ് `1,142 എന്നിവയും ലിക്വിഡേറ്റർ അടച്ചുതീർത്തിട്ടുള്ളതാണ്. സംഘത്തിന് ഇപ്പോൾ ഗവ. കുടിശ്ശിക യാതൊന്നും ഇല്ലാത്തതാണ്. തുടർന്ന് യാതൊരു വിധത്തിലും ഈടാക്കിയെടുക്കാൻ സാധിക്കാത്ത ആസ്തികൾ എഴുതിത്തള്ളിയും ബാധ്യതകൾ കണ്ടുകെട്ടിയും 16-2-2018-ൽ എ.ഇ.എൽ./7492/2006 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ബഹു. സഹകരണസംഘം രജിസ്ട്രാറുടെ സൂചന (2) ഉത്തരവ് പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർക്ക് 31-12-2018 വരെ കാലാവധിയുണ്ട്. ലിക്വിഡേറ്ററുടെ വരവ്-ചെലവ് കണക്കുകളും ബന്ധപ്പെട്ട രേഖകളും എ.എൽ.ഇ. ആഡിറ്റിന് വിധേയമാക്കിയിട്ടുള്ളതാണ്. ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ എല്ലാം പൂർത്തിയായതായി എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സൂചന (4) ലിക്വിഡേറ്ററുടെ തീരുമാനം സൂചന (3) മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശ എന്നിവ പരിഗണിച്ച് ടി സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

കെ. 462 ഈരാറ്റുപേട്ട കൺസ്യൂമർ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര്, സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

(3)

നമ്പർ എ.ഇ.എൽ./655/2015. 2018 മേയ് 30.

വിഷയം:—സമാപ്തീകരണം—കെ.809 ഈരാറ്റുപേട്ട ബ്ലോക്ക് വനിതാ സഹകരണസംഘം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 29-10-2014-ലെ എ.ഇ.എൽ./655/15 നമ്പർ ഉത്തരവ്.

(2) ബഹു. സഹകരണസംഘം രജിസ്ട്രാറുടെ 30-4-2018-ലെ എ.ഇ.എൽ./55730/2014 നമ്പർ ഉത്തരവ്.

(3) മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 16-1-2018-ലെ ബി./1652/2016 നമ്പർ കത്ത്.

(4) സംഘം ലിക്വിഡേറ്ററുടെ 17-11-2017-ലെ 4-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പ്രവർത്തിച്ചിരുന്ന കെ.809 ഈരാറ്റുപേട്ട ബ്ലോക്ക് വനിതാ സഹകരണസംഘം പ്രവർത്തനങ്ങൾ നിലച്ചതിനെ തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാണ്. മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഭരണങ്ങാനം യൂണിറ്റ് ഇൻസ്പെക്ടർ ടി സംഘത്തിൽ 17-1-2015-ൽ ലിക്വിഡേറ്ററായി ചാർജ് എടുക്കുകയും ക്രമപ്രകാരം സമാപ്തീകരണ നടപടികൾ നടത്തിവരികയും ചെയ്തിട്ടുള്ളതാണ്. സമാപ്തീകരണ നടപടികളുടെ ഭാഗമായി ലിക്വിഡേറ്റർ ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിച്ചെങ്കിലും, നാളിതുവരെ യാതൊരുവിധ ക്ലെയിമുകളും ലഭ്യമായിട്ടില്ലാത്തതായി ലിക്വിഡേറ്റർ അറിയിച്ചിട്ടുണ്ട്. സംഘത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന അക്കൗണ്ടുകളിലെ തുകകൾ, ഓഹരി എന്നിവ പിൻവലിച്ച് ലിക്വിഡേറ്ററുടെ അക്കൗണ്ടിലേക്ക് മാറ്റുകയും ഈടാക്കിയെടുത്ത ആസ്തികളുടെ നിശ്ചിതശതമാനം ലിക്വിഡേഷൻ ചാർജായി അടയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. സംഘത്തിന് ഗവ. കുടിശ്ശികകൾ യാതൊന്നും ഇല്ലാത്തതാണ്. തുടർന്ന് ലിക്വിഡേറ്റർക്ക് യാതൊരു കാരണവശാലും ഇടാക്കിയെടുക്കാൻ സാധിക്കാത്ത ആസ്തികൾ എഴുതിത്തള്ളിയും ബാധ്യതകൾ കണ്ടുകെട്ടിയും 17-12-2015-ൽ എ.ഇ.എൽ./655/15 നമ്പരായി ഉത്തരവ് നൽകിയിട്ടുള്ളതാണ്. സംഘത്തിന്റെ അന്തിമ പൊതുയോഗം 17-11-2017-ൽ നടത്തിയിട്ടുണ്ട്. ലിക്വിഡേറ്ററുടെ വരവ്-ചെലവ് കണക്കുകളും, ബന്ധപ്പെട്ട രേഖകളും എ.ഇ.എൽ. ആഡിറ്റിന് വിധേയമാക്കിയിട്ടുള്ളതാണ്. ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ സൂചന (3) ഉത്തരവ് പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർക്ക് 28-10-2018 വരെ കാലാവധിയുണ്ട്. സംഘത്തിൽ ലിക്വിഡേറ്റർ ചാർജ് എടുത്ത തീയതിയിലെ ബാക്കിപത്രം, നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ, ഇപ്പോഴത്തെ ബാക്കിപത്രം എന്നിവ താഴെ പറയും പ്രകാരമാണ്.

### ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം

| ബാദ്ധ്യത | തുക ` | ആസ്തി | തുക ` |
|---|---|---|---|
| ഷെയർ | 3,995.00 | ബാങ്ക് ബാലൻസ് | 111.35 |
| തേയ്മാനഫണ്ട് | 2,000.00 | ഡി. സി. ബി. ചാർജ്ജ് | 100.00 |
| സെക്രട്ടറി അലവൻസ് | 3,600.00 | ഫർണിച്ചർ | 2,000.00 |
| റിസർവ്-കൂലി നൽകിയത് | 1,010.00 | അഡ്വാൻസ് ഡ്യൂ റ്റു. | 26,175.40 |
| വിൽപ്പന | 2,586.50 | അറ്റ നഷ്ടം | 26,436.35 |
| അഡ്വാൻസ് | 5,350.00 | | |
| നോൺ പ്രൊഡ്യൂസിംഗ് ക്യാഷ് ബാലൻസ് | 186.75 | | |
| റിസർവ്-ഫർണീച്ചർ സബ്സിഡി | 2,000.00 | | |
| എസ്റ്റാബ്ലിഷ്മെന്റ് & കണ്ടിജൻസി | 1,000.00 | | |
| അഡ്വാൻസ്-ഡ്യൂബൈ | 33,094.85 | | |
| **ആകെ** | **54,823.10** | **ആകെ** | **54,823.10** |

### നാളിതുവരെയുള്ള വരവ്-ചെലവ് കണക്ക്

| വരവ് | തുക ` | ചെലവ് | തുക ` |
|---|---|---|---|
| ജില്ലാ ബാങ്ക് ഷെയർ | 100.00 | ലിക്വിഡേറ്റർ അക്കൗണ്ട് | 134.35 |
| ബാങ്ക് അക്കൗണ്ട് | 34.35 | ലിക്വിഡേഷൻ ചാർജ്ജ് | 20.00 |
| ലിക്വിഡേറ്ററുടെ അക്കൗണ്ടിൽ നിന്നു പിൻവലിച്ച തുക | 134.35 | കോമൺ ലിക്വിഡേഷൻ ഫണ്ട് | 114.35 |
| ആകെ | 268.70 | ആകെ | 268.70 |
| മുന്നിരിപ്പ് | 0.00 | ബാക്കിനിൽപ്പ് | 0.00 |
| **ആകെ** | **268.70** | **ആകെ** | **268.70** |

ഇപ്പോഴത്തെ ബാക്കിപത്രം

| ബാധ്യത | തുക | ആസ്തി | തുക |
|---|---|---|---|
| ഇല്ല | | ഇല്ല | |

ടി സംഘത്തിന്റെ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതിനെ തുടർന്ന് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (3) മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശ സഹിതം അപേക്ഷ ഈ ആഫീസിൽ സമർപ്പിച്ചിരിക്കുന്നു. ലിക്വിഡേറ്ററുടെ തീരുമാനം, മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശ എന്നിവ പരിഗണിച്ച് കെ.809 ഈരാറ്റുപേട്ട ബ്ലോക്ക് വനിതാ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

കെ. 809 ഈരാറ്റുപേട്ട ബ്ലോക്ക് വനിതാ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര്, സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്, (ഒപ്പ്)
കോട്ടയം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

നമ്പർ ഒ/2980/2014/ആർ.ഡിസ്. 2018 മാർച്ച് 31.

വിഷയം:—സമാപ്തീകരണം—കാസറഗോഡ് ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 37-രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഈ ഓഫീസിലെ 10-6-2014-ലെ എസ്. ടി. 5201/2012/കെ.ഡിസ്. നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 20-3-2018-ലെ ഇതേ നമ്പർ ഉത്തരവ്.

(3) ലിക്വിഡേറ്ററുടെ 27-3-2018-ലെ 1094/2014/സി നമ്പർ ഉത്തരവ്.

(4) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 27-3-2018-ലെ 1094/2014/സി നമ്പർ കത്ത്

കാസറഗോഡ് ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 37-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് സൂചന (1) പ്രകാരം ഉത്തരവാകുകയും ലിക്വിഡേറ്ററായി ചെമ്മനാട് യൂണിറ്റ് ഇൻസ്പെക്ടർ 28-6-2014-ന് ചാർജ്ജെടുക്കുകയും ചെയ്തു. സമാപ്തീകരണ നടപടികളുടെ ഭാഗമായി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുകയും ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ കടധന പട്ടിക പ്രകാരമുള്ള ആസ്തികൾ ഈടാക്കുന്നതിനും ബാധ്യതകൾ കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. സർക്കാരിലേക്ക് അടയ്ക്കാനുണ്ടായിരുന്ന ആഡിറ്റ് ഫീസ് ` 2,440 ഒടുക്കി. കൊടുത്തു തീർക്കാൻ സാധ്യമല്ലെന്ന് കണ്ടെത്തിയ ബാധ്യതകളും ഈടാക്കാനാവാത്ത ആസ്തികളും ലിക്വിഡേറ്ററുടെ അപേക്ഷയുടേയും അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം എഴുതിത്തള്ളി ഉത്തരവായി. തുടർന്ന് സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ് പൂർത്തിയാക്കുകയും നടപടിക്രമങ്ങളും വരവ് ചെലവ് കണക്കുകളും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ അഡ്മിഷൻ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ അവസാന പൊതുയോഗം കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ 27-3-2018-ന് വിളിച്ചു ചേർക്കുന്നതിനുള്ള നോട്ടീസ് ചട്ടപ്രകാരം പ്രസിദ്ധീകരിച്ചെങ്കിലും ആരും യോഗത്തിൽ പങ്കെടുത്തിട്ടില്ലായെന്നും ലിക്വിഡേറ്ററുടെ കൈവശം മിച്ചംവന്ന തുക കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചാർജ്ജെടുത്ത തീയതിയിലെ കടധന പട്ടിക പ്രകാരമുള്ള മുഴുവൻ ആസ്തികളും ബാധ്യതകളും ചട്ടപ്രകാരം ക്രമപ്പെടുത്തിയതിനുശേഷം സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം വകുപ്പ് 73 അനുസരിച്ച് സമാപ്തീകരിച്ചുകൊണ്ട് സൂചന (3) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്ററുടെ നടപടിക്രമങ്ങളും ഉത്തരവും അംഗീകരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകണമെന്ന് സൂചന (4) പ്രകാരം കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കാസറഗോഡ് ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 37-ന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം 74-ാം വകുപ്പ് പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേഷൻ സംബന്ധിച്ച് എല്ലാ റിക്കാർഡുകളും ലിക്വിഡേറ്റർ മൂന്ന് വർഷം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ഓഫീസിന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,
കാസറഗോഡ്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

**ക്ലിപ്തം നമ്പർ എസ്. 37, കാസറഗോഡ് ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം**
**ലിക്വിഡേറ്ററുടെ നടപടിക്രമത്തിന്റെ പകർപ്പ്**

(ഹാജർ : ശ്രീ. മനോജ്കുമാർ, കെ. വി., ചെമ്മനാട് യൂണിറ്റ് ഇൻസ്പെക്ടർ)

നമ്പർ 1094/2014/സി. 2018 മാർച്ച് 27.

വിഷയം:—സമാപ്തീകരണം-കാസറഗോഡ് ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം—രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമം വകുപ്പ് (74) പ്രകാരം റദ്ദ് ചെയ്യുന്നതിന് ശുപാർശ ചെയ്യുന്നത്—സംബന്ധിച്ച്.

സൂചന:—(1) ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 10-6-2014-ലെ എസ്. ടി./5201/2012/കെ.ഡിസ്. നമ്പർ ഉത്തരവ്.

(2) ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 20-3-2018-ാം തീയതിയിലെ ഒ-2980/2014 നമ്പർ ഉത്തരവ്.

(3) ലിക്വിഡേറ്ററുടെ 27-3-2018-ലെ 1-ാം നമ്പർ തീരുമാനം.

ക്ലിപ്തം നമ്പർ എസ്. 37, കാസറഗോഡ് ജില്ലാ ലേബർ കോൺട്രാക്ട് സഹകരണസംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനും ചെമ്മനാട് യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുകയും ചെയ്തുകൊണ്ട് സൂചന(1) പ്രകാരം ഉത്തരവായി. ലിക്വിഡേറ്റർ 28-6-2014-ന് ചാർജ്ജെടുക്കുകയും ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ (28-6-2014) കടധനപ്പട്ടിക താഴെ പറയും പ്രകാരമാണ്.

| ബാദ്ധ്യത | തുക | ആസ്തി | തുക |
|---|---|---|---|
| A Class Share | 21,360.00 | Cash in Hand (SA Secretary) | 17.56 |
| Reserve Fund | 2,382.21 | SB KDCB | 35,989.00 |
| Depreciation Fund | 8,875.10 | Share KDCB | 100.00 |
| Education Fund | 633.12 | Miscellaneous | 2,768.00 |
| Audit Fees | 2,438.67 | Furniture | 8,875.00 |
| Affiliation Fees | 2,125.00 | SA Bedadka Panchayath | 2,84,417.00 |
| Res. for Adj. heads due to | 61,728.70 | Audit Fees (Excess Paid) | 0.70 |
| SL President | 762.20 | SA SC Colony Road | 6,92,850.00 |
| SL A. M. Abdulkhader | 500.00 | SA President | 55,900.00 |
| SL Bedadka Panchayath | 2,78,589.00 | Net Loss | 67,806.47 |
| SL Contract of Colony Road | 2,84,667.00 | | |
| SL Colony Road | 4,70,118.00 | | |
| SL Abdulla | 1,677.50 | | |
| Undistributed profit | 12,867.23 | | |
| ആകെ | 11,48,723.73 | ആകെ | 11,48,723.73 |

Gaz. No. 30/2018/DTP (Co-operative).

മേൽ കടധന പട്ടികയിലെ ആസ്തികളിൽ ബാങ്ക് നിക്ഷേപം ₹ 45,284.50-യും ഫർണ്ണിച്ചർ ₹ 1,000-യും മാത്രമേ ഈടാക്കുവാൻ സാധിച്ചിട്ടുള്ളൂ. ബാങ്ക് നിക്ഷേപത്തിന്റെ പലിശയിനത്തിൽ ₹ 5,822 ലഭിച്ചിട്ടുണ്ട്. ബാധ്യതകളിൽ സർക്കാരിലേക്ക് കുടിശ്ശികയായി അടയ്ക്കുവാൻ ബാക്കി നിൽപ്പുണ്ടായിരുന്ന ആഡിറ്റ് ഫീസ് ₹ 2,440 അടച്ചിട്ടുണ്ട്. ബാക്കിയുള്ള ബാധ്യതകൾ ഒന്നും തന്നെ കൊടുത്തു തീർക്കാൻ സാധ്യമല്ലെന്ന് കണ്ടെത്തിയതിനാൽ ആയത് കണ്ടുകെട്ടുന്നതിനും ആസ്തികളിൽ ബാങ്ക് നിക്ഷേപവും ഫർണ്ണിച്ചറുകളും ഒഴികെയുള്ള ആസ്തികൾ ഈടാക്കാനാവില്ലെന്നതിനാൽ എഴുതി തള്ളുന്നതിനും ബഹു. ജോയിന്റ് രജിസ്ട്രാർ സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. സംഘത്തിന്റെ ഫർണ്ണിച്ചർ ലേലംചെയ്ത വകയിൽ ലഭിച്ച ₹ 1,000-ന്റെ സെയിൽസ് ടാക്സ് ഇനത്തിൽ ₹ 125-യും ബാങ്ക് നിക്ഷേപമായ ₹ 51,106.5 (പലിശ ഉൾപ്പെടെ) പിൻവലിച്ച ഇനത്തിൽ 15 % ലിക്വിഡേഷൻ ചാർജ്ജായ ₹ 7,666-യും ഗവൺമെന്റ് ട്രഷറിയിൽ ഒടുക്കുകയും ചെയ്തിരുന്നു. സംഘത്തിന്റെ അഡ്മിഷൻ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ അവസാന പൊതുയോഗം കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ 27-3-2018-ന് വിളിച്ചു ചേർക്കുന്നതിനുള്ള നോട്ടീസ് കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ എന്നീ ഓഫീസുകളിലും സംഘത്തിന്റെ പ്രവർത്തന മേഖലയായിരുന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന കാസറഗോഡ് സർവ്വീസ് സഹകരണ ബാങ്കിന്റെ നോട്ടീസ് ബോർഡിലും പരസ്യപ്പെടുത്തി. എന്നാൽ യോഗത്തിൽ ആരുംതന്നെ പങ്കെടുത്തില്ല. ആയതിനാൽ മിച്ചമുള്ള തുക പൂർണ്ണമായും കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിക്ഷേപിച്ചു. നിലവിലുള്ള ലിക്വിഡേറ്റർ കൈപ്പറ്റിയ ഫയൽ പ്രകാരവും തുടർന്ന് നടത്തിയ ഇടപാടുകൾ പ്രകാരവും ഉള്ള വരവ് ചെലവ് കണക്കുകളും കടധനപ്പട്ടികയും ചുവടെ ചേർക്കുന്നു.

### വരവ്-ചെലവ് കണക്ക് 27-3-2018

| വരവ് | തുക ₹ | ചിലവ് | തുക ₹ |
|---|---|---|---|
| S B KDCB | 45,284.00 | SB KDCB (Liquidator) | 52,546.00 |
| Interest on SB (Liquidator) | 6,262.00 | SL Sales Tax | 125.00 |
| SB KDCB (Liquidator) | 53,546.00 | SL Auction (Caution Deposit) | 1,000.00 |
| SL Sales Tax | 125.00 | Audit Fees | 2,440.00 |
| SL Auction (Caution Deposit) | 1,000.00 | Liquidation Fees | 7,666.00 |
| Furniture Sales | 1,000.00 | Common Liquidation fund | 43,440.00 |
| | 1,07,217.00 | | 1,07,217.00 |

### കടധനപ്പട്ടിക 27-3-2018

| കൊടുത്തു തീർക്കാൻ പറ്റാത്ത ബാദ്ധ്യതകൾ | | ഈടാക്കാൻ പറ്റാത്ത ആസ്തികൾ | |
|---|---|---|---|
| എ ക്ലാസ് ഓഹരി മൂലധനം | ഇല്ല | ക്യാഷ് ഇൻ ഹാൻഡ് | ഇല്ല |
| കരുതൽ ധനം | ഇല്ല | എസ്. എ. സെക്രട്ടറി | ഇല്ല |
| തേയ്മാന ഫണ്ട് | ഇല്ല | പലവക | ഇല്ല |
| വിദ്യാഭ്യാസ ഫണ്ട് | ഇല്ല | എസ്. എ. ബേഡഡുക്ക പഞ്ചായത്ത് | ഇല്ല |
| അഫിലിയേഷൻ ഫീസ് | ഇല്ല | ആഡിറ്റ് ഫീസ് (എക്സസ് പെയിഡ്) | ഇല്ല |
| സംഘം നൽകേണ്ടത് (Due by) | ഇല്ല | എസ്. എ. എസ്. സി. കോളനി റോഡ് | ഇല്ല |
| എസ്. എൽ. പ്രസിഡണ്ട് | ഇല്ല | എസ്. എ. പ്രസിഡന്റ് | ഇല്ല |
| എസ്. എൽ. അബ്ദുൾ ഖാദർ, എ. എം. | ഇല്ല | അറ്റനഷ്ടം | ഇല്ല |
| എസ്. എൽ. ബേഡഡുക്ക പഞ്ചായത്ത് | ഇല്ല | | |
| എസ്. എൽ. കോൺട്രാക്ട് ഓഫ് കോളനി റോഡ് | ഇല്ല | | |
| എസ്. എൽ. കോളനി റോഡ് | ഇല്ല | | |
| എസ്. എൽ. അബ്ദുള്ള | ഇല്ല | | |
| വിതരണം ചെയ്യാത്ത ലാഭം | ഇല്ല | | |
| | ഇല്ല | | ഇല്ല |

സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ മേൽ പ്രകാരം പൂർത്തീകരിക്കുകയും വരവ് ചെലവ് കണക്കുകൾ കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഓഫീസ് ഇൻസ്പെക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ സഹകരണ നിയമം 73(3) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്ലിപ്തം നമ്പർ എസ്. 75, കാസറഗോഡ് ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ പ്രവർത്തനം ഇതിനാൽ സമാപ്തീകരിച്ചിരിക്കുന്നു. കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നതിന് കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ അവർകളോട് ഇതിനാൽ ശുപാർശ ചെയ്യുന്നു.

ജില്ലാ ലേബർ കോൺട്രാക്ട്
സഹകരണസംഘം, കാസറഗോഡ്.

(ഒപ്പ്)
ലിക്വിഡേറ്റർ.

## കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

നമ്പർ ഒ/1911/2016/ആർ.ഡിസ്. 2018 മാർച്ച് 31.

വിഷയം:—സമാപ്തീകരണം—ഹോസ്ദുർഗ്ഗ് താലൂക്ക് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 377 രജിസ്ട്രേഷൻ—കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന—(1) ഈ ഓഫീസിലെ 29-9-2009-ലെ എസ്. ടി. 749/2001/കെഡിസ് നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 28-10-2017-ലെ ഇതേ നമ്പർ ഉത്തരവ്.

(3) ലിക്വിഡേറ്ററുടെ 30-11-2017-ലെ 2103/2003/എൻ നമ്പർ ഉത്തരവ്.

(4) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗിന്റെ 30-11-2017-ലെ 2101/2003/എൻ നമ്പർ കത്ത്.

ഹോസ്ദുർഗ്ഗ് താലൂക്ക് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 377-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് സൂചന (1) പ്രകാരം ഉത്തരവാകുകയും ലിക്വിഡേറ്ററായി നീലേശ്വരം യൂണിറ്റ് ഇൻസ്പെക്ടർ 31-10-2003-ന് ചാർജ്ജെടുക്കുകയും ചെയ്തു. സമാപ്തീകരണ നടപടികളുടെ ഭാഗമായി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുകയും ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ കടധന പട്ടിക പ്രകാരമുള്ള ആസ്തികൾ ഈടാക്കുന്നതിനും ബാധ്യതകൾ കൊടുത്ത് തീർക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൊടുത്തു തീർക്കാൻ സാധ്യമല്ലെന്ന് കണ്ടെത്തിയ ബാധ്യതകളും ഈടാക്കാനാവത്ത ആസ്തികളും ലിക്വിഡേറ്ററുടെ അപേക്ഷയുടേയും അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം എഴുതിത്തള്ളി ഉത്തരവായി. തുടർന്ന് സംഘത്തിന്റെ എ. ഇ. എൽ. ആഡിറ്റ് പൂർത്തിയാക്കുകയും നടപടിക്രമങ്ങളും വരവ് ചെലവ് കണക്കുകളും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ അഡ്മിഷൻ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ അവസാന പൊതുയോഗം ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ 13-11-2017-ന് വിളിച്ചു ചേർക്കുന്നതിനുള്ള നോട്ടീസ് ചട്ടപ്രകാരം പ്രസിദ്ധീകരിച്ചെങ്കിലും ആരും യോഗത്തിൽ പങ്കെടുത്തിട്ടില്ലായെന്നും ലിക്വിഡേറ്ററുടെ കൈവശം മിച്ചംവന്ന തുക കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചാർജ്ജെടുത്ത തീയതിയിലെ കടധന പട്ടിക പ്രകാരമുള്ള മുഴുവൻ ആസ്തികളും ബാധ്യതകളും ചട്ടപ്രകാരം ക്രമപ്പെടുത്തിയതിനുശേഷം സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം വകുപ്പ് 73 അനുസരിച്ച് സമാപ്തീകരിച്ചുകൊണ്ട് സൂചന (3) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്ററുടെ നടപടിക്രമങ്ങളും ഉത്തരവും അംഗീകരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകണമെന്ന് സൂചന (4) പ്രകാരം കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ഹോസ്ദുർഗ്ഗ് താലൂക്ക് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 377-ന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം 74-ാം വകുപ്പ് പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേഷൻ സംബന്ധിച്ച എല്ലാ റിക്കാർഡുകളും ലിക്വിഡേറ്റർ മൂന്ന് വർഷം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ഓഫീസിന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

കാസറഗോഡ്.

**ക്ലിപ്തം നമ്പർ സി.-377 ഹോസ്ദുർഗ്ഗ് താലൂക്ക് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ലിക്വിഡേറ്ററുടെ നടപടിക്രമത്തിന്റെ പകർപ്പ്**

നമ്പർ 2101/2003/എൻ. 2017 നവംബർ 30.

വിഷയം: —സമാപ്തീകരണം—ഹോസ്ദുർഗ്ഗ് താലൂക്ക് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം രജിസ്ട്രേഷൻ—കേരള സഹകരണ നിയമം വകുപ്പ് (74) പ്രകാരം റദ്ദ് ചെയ്യുന്നതിന് ശുപാർശ ചെയ്യുന്നത്—സംബന്ധിച്ച്.

സൂചന —(1) ജോയിന്റ് രജിസ്ട്രാർ ജനറൽ കാസറഗോഡിന്റെ 29-9-2009-ലെ എസ്. റ്റി. 749/2001 നമ്പർ ഉത്തരവ്.

(2) സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)-ടെ 7-10-2017-ലെ എ. ഇ. എൽ. 31360/14 നമ്പർ ഉത്തരവ്.

(3) 13-11-2017-ന് ചേർന്ന സംഘത്തിന്റെ അവസാന പൊതുയോഗത്തിന്റെ നടപടിക്രമങ്ങൾ.

സൂചന (1) ലെ ഉത്തരവ് പ്രകാരം ക്ലിപ്തം നമ്പർ സി. 377 ഹോസ്ദുർഗ്ഗ് താലൂക്ക് പ്രൊസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ ലിക്വിഡേറ്ററായി ഹോസ്ദുർഗ്ഗ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ നീലേശ്വരം യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിരുന്നു. 31-10-2003-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്തു. നിശ്ചിത സമയപരിധിക്കകം ലിക്വിഡേഷൻ നടപടികൾ പൂർത്തികരിക്കുവാൻ സാധിക്കാത്തതിനാൽ സൂചന (2) പ്രകാരം ലിക്വിഡേറ്ററുടെ കാലാവധി 31-12-2017 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ലിക്വിഡേറ്റർ ചാർജ്ജെടുക്കുമ്പോൾ സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ താഴെ പറയും പ്രകാരമാണ്.

| ബാദ്ധ്യത | തുക ₹ | ആസ്തി | തുക ₹ |
|---|---|---|---|
| ഓഹരി മൂലധനം | 52725.00 | കയ്യിൽ നീക്കിയിരിപ്പ് | 1.46 |
| ജില്ലാ സഹകരണ ബാങ്ക് വായ്പ | 198628.00 | ബാങ്കിൽ നീക്കിയിരിപ്പ് | 48647.24 |
| മറ്റു ഫണ്ടുകൾ | 114397.65 | പൊതുമുതലിൽ നിന്നുള്ള നിക്ഷേപം | 7402.50 |
| കൊടുക്കാനുള്ള പലിശ | 5754.95 | മറ്റ് മുതൽ മുടക്കുകൾ | 7994.00 |
| ജീവനക്കാരുടെ സെക്യൂരിറ്റി നിക്ഷേപം | 3000.00 | പലവക (ആസ്തി) | 1598.30 |
| എസ്റ്റാബ്ലിഷ്മെന്റ് | 4045.40 | ഫർണ്ണിച്ചറുകൾ | 6914.75 |
| സംഘത്തിൽ നിന്ന് കൊടുക്കേണ്ടവ | 98417.34 | ആഫീസ് ഉപകരണങ്ങൾ | 1624.28 |
| | | സ്റ്റോക്കിൽ കുറവ് | 39512.30 |
| | | സംഘത്തിന് വരേണ്ടവ | 69178.22 |
| | | അറ്റ നഷ്ടം | 294095.29 |
| ആകെ | 476968.34 | ആകെ | 476968.34 |

സംഘം സമാപ്തീകരിക്കുന്നതിലേക്കായി ലിക്വിഡേറ്റർ സമാപ്തീകരണ നടപടികളുടെ ഭാഗമായി ക്ലെയിം നോട്ടീസ് പുറപ്പെടുവിക്കുകയും, സംഘത്തിന്റെ മുൻ പ്രസിഡന്റുമാരായ ശ്രീ.പൊള്ളയിൽ അമ്പാടി, ശ്രീ. കൊട്ടൻ കുണ്ടേന എന്നിവരോട് സംഘം വക റിക്കാർഡുകളും മുതലുകളും ഹാജരാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് രജിസ്റ്റേർഡ് നോട്ടീസ് മടക്കരസീതി സഹിതം അയച്ചുവെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല. ലിക്വിഡേറ്ററുടെ പേരിൽ ജില്ലാ സഹകരണ ബാങ്ക്, നീലേശ്വരം ശാഖയിൽ 150061201020011 എസ്. ബി. അക്കൗണ്ട് ആരംഭിക്കുകയും ചെയ്തു. ലിക്വിഡേറ്ററുടെ കൈവശം ലഭിച്ച 1996-97 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം സംഘത്തിന്റെ പേരിൽ കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിൽ ഓഹരിമൂലധനം, ബാങ്ക് അക്കൗണ്ട്, ജില്ലാ ബാങ്ക് ക്യാഷ് ക്രെഡിറ്റ്, ജില്ലാ സഹകരണ ബാങ്ക് ഇൻവെസ്റ്റ്മെന്റ് ഓഹരി എന്നീ ഇനങ്ങളിൽ തുകകൾ ബാക്കി നിൽക്കുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ മേൽ ആസ്തികളും ബാദ്ധ്യതകളും സംബന്ധിച്ച സ്ഥിരീകരണ സാക്ഷ്യപത്രം ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരിൽ നിന്നും വാങ്ങുകയും ചെയ്തിരുന്നു.

മേൽ സ്ഥിരീകരണ സാക്ഷ്യപത്രത്തിൽ പറഞ്ഞിട്ടുള്ള സംഘത്തിന്റെ ആസ്തികളായ ഓഹരിമൂലധനം ₹ 4800, സേവിംഗ് ബാങ്ക് അക്കൗണ്ട് ₹ 2416.11, സ്ഥിരനിക്ഷേപം ₹ 7994 എന്നിവ അടക്കം മൊത്തം വരുന്ന തുകയായ ₹15210.11 ലിക്വിഡേറ്ററുടെ പേരിൽ ഉള്ള എസ്. ബി. അക്കൗണ്ടിലേക്ക് മാറ്റാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ തുകയുടെ പലിശ അടക്കം ₹16379.84 ലിക്വിഡേറ്ററുടെ പേരിലുള്ള എസ്. ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു തരികയും ചെയ്തിട്ടുണ്ട്. മേൽ തുകയിൽ നിന്നും സർക്കാരിലേക്ക് അടയ്ക്കാനുണ്ടായിരുന്ന ₹ 12500-ം ആഡിറ്റ് ഫീസ് ₹ 2641-ം അടച്ചു തീർത്തിട്ടുണ്ട്. ശേഷിക്കുന്ന ₹1531-ൽ ₹ 230 ലിക്വിഡേഷൻ ചാർജ്ജ് ആയും ₹ 1301 കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്കും അടച്ചതിനുശേഷം ബാക്കിനിൽപുള്ള ആസ്തി ബാധ്യതകൾ താഴെ പറയും പ്രകാരമാണ്.

| ബാദ്ധ്യത | തുക ` | ആസ്തി | തുക ` |
|---|---|---|---|
| ഓഹരി മൂലധനം | 40225.00 | കയ്യിൽ നീക്കിയിരിപ്പ് | |
| ജില്ലാ സഹകരണ ബാങ്ക് | 198628.00 | ബാങ്കിൽ നീക്കിയിരിപ്പ് | 1.46 |
| മറ്റു ഫണ്ടുകൾ | 114397.65 | പൊതുമുതലിൽ നിന്നുള്ള നിക്ഷേപം | 37569.40 |
| ആകെയുള്ള പലിശ | 5754.95 | മറ്റ് മുതൽ മുടക്കുകൾ | 7994.00 |
| ജീവനക്കാരുടെ സെക്യൂരിറ്റി നിക്ഷേപം | 3000.00 | പലവക ആസ്തി | 1598.30 |
| എസ്റ്റാബ്ലിഷ്മെന്റ് | 1405.00 | ഫർണ്ണിച്ചർ | 6914.75 |
| സംഘത്തിൽ നിന്ന് കൊടുക്കേണ്ടവ | 98417.34 | ആഫീസ് ഉപകരണങ്ങൾ | 1624.28 |
| | | സ്റ്റോക്കിൽ കുറവ് | 39512.30 |
| | | സംഘത്തിന് വരേണ്ടവ | 69178.22 |
| | | അറ്റ നഷ്ടം | 293888.89 |
| ആകെ | 461827.94 | ആകെ | 460392.10 |

സംഘത്തിന്റെ അവസാന ആഡിറ്റ് കടധനപട്ടിക പ്രകാരം ഫർണിച്ചർ ഇനത്തിൽ ` 6914.75-ം ഫിക്സ്ചേഴ്സും ഫിറ്റിംഗ്സും ഇനത്തിൽ 1,624.28-ം ഉണ്ടായിരുന്നു. എന്നാൽ ടി സ്റ്റോക്കുകളും ഇത് സംബന്ധിച്ച സ്റ്റോക്ക് സ്റ്റേറ്റ്മെന്റുകളും ലിക്വിഡേറ്റർക്ക് ലഭ്യമായിട്ടില്ല. സംഘം വക മുതലുകളും റിക്കാർഡുകളും ഹാജരാക്കുവാൻ സംഘത്തിന്റെ മുൻ പ്രസിഡന്റുമാരായ ശ്രീ. പൊള്ളയിൽ അമ്പാടി, ശ്രീ. കൊട്ടൻ കണ്ടേന എന്നിവർക്ക് രജിസ്റ്റേർഡ് നോട്ടീസ് അയച്ചുവെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല.

സംഘത്തിന് ലഭിക്കാനുള്ള ` 69,178.22-ൽ ` 31,326.43 എസ്റ്റാബ്ലിഷ്മെന്റ് ആന്റ് കണ്ടിജൻസി ഇനത്തിൽ ലഭിക്കേണ്ടതാണ്.

മേൽസാഹചര്യത്തിൽ സംഘത്തിന്റെ ആസ്തികൾ ഈടാക്കാനോ വിൽപന നടത്താനോ ബാധ്യത കൊടുത്തു തീർക്കാനോ കഴിയാത്ത സാഹചര്യത്തിൽ ലിക്വിഡേറ്ററുടെ 17-6-2016-ലെ 1-ാം നമ്പർ തീരുമാന പ്രകാരം താഴെ പറയുന്ന ആസ്തികൾ എഴുതി തള്ളുന്നതിനും ബാധ്യതകൾ കണ്ട് കെട്ടുന്നതിനും ജോയിന്റ് രജിസ്ട്രാറോട് അപേക്ഷിക്കുകയും ജോയിന്റ് രജിസ്ട്രാറുടെ 28-10-2017-ലെ ഒ.1911/16 നമ്പർ പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

| കണ്ടുകെട്ടിയ ബാധ്യതകൾ | തുക ` | എഴുതി തള്ളിയ ആസ്തികൾ | തുക ` |
|---|---|---|---|
| ഓഹരി മൂലധനം | 40225.00 | കയ്യിൽ നീക്കിയിരിപ്പ് | 1.46 |
| ജില്ലാ സഹകരണ ബാങ്ക് വായ്പ | 198628.00 | ബാങ്കിൽ നീക്കിയിരിപ്പ് | 37569.40 |
| മറ്റു ഫണ്ടുകൾ | 114397.65 | പൊതുമുതലിൽ നിന്നുള്ള നിക്ഷേപം | 2110.50 |
| ജീവനക്കാരുടെ സെക്യൂരിറ്റി നിക്ഷേപം | 3000.00 | മറ്റ് മുതൽ മുടക്കുകൾ | 7994.00 |
| എസ്റ്റാബ്ലിഷ്മെന്റ് | 1405.00 | പലവക ആസ്തി | 1598.30 |
| സംഘത്തിൽ നിന്ന് കൊടുക്കേണ്ടവ | 98417.34 | ഫർണ്ണിച്ചർ | 6914.75 |
| കൊടുക്കുവാനുള്ള പലിശ | 5754.95 | ആഫീസ് ഉപകരണങ്ങൾ | 1624.28 |
| | | സ്റ്റോക്കിൽ കുറവ് | 39512.30 |
| | | സംഘത്തിന് വരേണ്ടവ | 69178.22 |
| | | അറ്റ നഷ്ടം | 293888.89 |
| ആകെ | 461827.94 | ആകെ | 460392.10 |

സംഘത്തിന് സർക്കാരിലേക്ക് അടപ്പിക്കാനുള്ള ബാദ്ധ്യതകൾ ഓഹരി, ആഡിറ്റ് ഫീസ് എന്നിവ യഥാസ്ഥാനങ്ങളിൽ ലിക്വിഡേറ്റർ അടച്ചു തീർത്തിട്ടുണ്ട്. സംഘത്തിന്റെ അവസാന പൊതുയോഗം 13-11-2017-ന് ചേരുന്നതിന് നോട്ടീസ് ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലും ഹോസ്ദുർഗ്ഗ് സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലും നീലേശ്വരം ജില്ലാ ബാങ്ക് ശാഖയിലും നീലേശ്വരം വില്ലേജ് ഓഫീസിലും നീലേശ്വരം സർവ്വീസ് സഹകരണ ബാങ്കിലും പതിക്കുകയുണ്ടായി. എന്നാൽ പൊതുയോഗത്തിൽ ആരും ഹാജരായില്ല. നിലവിലുള്ള ലിക്വിഡേറ്റർ കൈപ്പറ്റിയ ഫയൽ പ്രകാരവും, തുടർന്ന് നടത്തിയ ഇടപാടുകൾ പ്രകാരവും ഉള്ള വരവ് ചെലവ് കണക്കുകളും കടധന പട്ടികയും ചുവടെ ചേർക്കുന്നു.

വരവ്-ചെലവ് കണക്ക് 13-11-2017

| വരവ് | തുക ` | ചെലവ് | തുക ` |
|---|---|---|---|
| സൊസൈറ്റി എസ്. ബി. അക്കൗണ്ട് | 2463.84 | ലിക്വിഡേറ്ററുടെ എസ്. ബി. അക്കൗണ്ട് അടച്ചത് | 16871.84 |
| സൊസൈറ്റി എഫ്. ഡി. അക്കൗണ്ട് | 8614.00 | ഗവ. ഷെയർ | 12500.00 |
| ഷെയർ ക്യാപിറ്റൽ | 5292.00 | ഓഡിറ്റ് ഫീസ് | 2641.00 |
| എസ്. എൽ. ലിക്വിഡേറ്റർ | 100.00 | എസ്. എൽ. ലിക്വിഡേറ്റർ | 100.00 |
| പലിശ ലഭിച്ചത് | 402.00 | ലിക്വിഡേഷൻ ചാർജ്ജ് | 230.00 |
| ലിക്വിഡേറ്ററുടെ എസ്. ബി. അക്കൗണ്ടിൽ തുക പിൻവലിച്ചത് | 16871.84 | കോമൺ ലിക്വിഡേഷൻ ഫണ്ട് | 1301.00 |
| | | ബാങ്ക് ചാർജ്ജ് | 99.84 |
| ആകെ | 33743.68 | ആകെ | 33743.68 |

കടധനപ്പട്ടിക 13-11-2017

| ബാദ്ധ്യത | | ആസ്തി | |
|---|---|---|---|
| ഓഹരി മൂലധനം | ഇല്ല | കൈയ്യിൽ നീക്കിയിരിപ്പ് | ഇല്ല |
| ജില്ലാ സഹകരണ ബാങ്ക് വായ്പ | ഇല്ല | ബാങ്കിൽ നിക്ഷേപം | ഇല്ല |
| മറ്റു ഫണ്ടുകൾ | ഇല്ല | പൊതുമുതലിൽ നിന്നുള്ള നിക്ഷേപം | ഇല്ല |
| കൊടുക്കുവാനുള്ള പലിശ | ഇല്ല | മറ്റ് മുതൽ മുടക്കുകൾ | ഇല്ല |
| ജീവനക്കാരുടെ സെക്യൂരിറ്റി നിക്ഷേപം | ഇല്ല | പലവക (ആസ്തി) | ഇല്ല |
| എസ്റ്റാബ്ലിഷ്മെന്റ് | ഇല്ല | ഫർണ്ണിച്ചർ | ഇല്ല |
| സംഘത്തിൽ നിന്ന് കൊടുക്കേണ്ടവ | ഇല്ല | ആഫീസ് ഉപകരണങ്ങൾ | ഇല്ല |
| | | സ്റ്റോക്കിൽ കുറവ് | ഇല്ല |
| | | സംഘത്തിന് വരേണ്ടവ | ഇല്ല |
| | | അറ്റ നഷ്ടം | ഇല്ല |
| ആകെ | ഇല്ല | ആകെ | ഇല്ല |

സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ മേൽപ്രകാരം പൂർത്തീകരിക്കുകയും വരവ് ചെലവ് കണക്കുകൾ ഹോസ്ദുർഗ്ഗ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഓഫീസ് ഇൻസ്പെക്ടർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്ലിപ്തം നമ്പർ സി. 377 ഹോസ്ദുർഗ്ഗ് താലൂക്ക് പ്രൊസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം ഇതിനാൽ സമാപ്തീകരിച്ചിരിക്കുന്നു. കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നതിന് കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ അവർകളോട് ഇതിനാൽ ശുപാർശ ചെയ്തുകൊള്ളുന്നു.

(ഒപ്പ്)

ഹോസ്ദുർഗ്ഗ്. ലിക്വിഡേറ്റർ.